**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. ഗോപകുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.646/2019 കേസിൽ 01.04.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 2775/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 06.12.2019

---

പരാമർശം :

1. ശ്രീ.കെ. ഗോപകുമാർ സർക്കാരിൽ സമർപ്പിച്ച 25.01.2019 തീയതിയിലെ നിവേദനം (അനക്ഷർ A5)
2. ശ്രീ. കെ. ഗോപകുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.646/2019 കേസിൽ 01.04.2019 തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 21.05.2019 തീയതിയിലെ ഇ 5-4865/19 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. ഗോപകുമാർ, ആരോഗ്യവകുപ്പിലെ താൽക്കാലിക സർവ്വീസ്, പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.646/2019 കേസിൽ 01.04.2019 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ച്, കോടതി ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ടിയാനെ നേരിൽകേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം 22.05.2019-ന് ടിയാനെ നേരിൽക്കേട്ടു. നേരിൽക്കേട്ട അവസരത്തിലെ ശ്രീ. കെ. ഗോപകുമാറിന്റെ വാദങ്ങൾ പ്രകാരം താൻ, 07.05.1995-ൽ ജോലിയിൽ താൽക്കാലികമായി പ്രവേശിച്ചിട്ടുള്ളതും 16.10.2002 വരെ തുടർച്ചയായി ജോലി തൃപ്തികരമായി നിർവ്വഹിച്ചിട്ടുള്ളതും (JHI II enter cader-P-Health-ൽ) ആണ് എന്നും പഴയ സർവ്വീസ് ഓപ്പൺ ചെയ്തിട്ടുള്ള അതേ സർവ്വീസ് ബുക്ക് ആണ് ഇപ്പോഴും സർവ്വീസ്

ബുക്കായി ഉപയോഗിച്ചുവരുന്നത് എന്നും ആയതിന്റെ പകർപ്പ് സമർപ്പിക്കുന്നതോടൊപ്പം നിയമങ്ങൾക്ക് വിധേയമായി തന്റെ പ്രസ്തുത താൽക്കാലിക സർവ്വീസ് പരിഗണിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. ഗോപകുമാർ 07.12.1995 മുതൽ 16.10.2002 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആരോഗ്യ വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്നതായും ടി കാലയളവ് കണക്കിലെടുത്ത് ഗ്രേഡ് പ്രൊമോഷൻ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് അപേക്ഷിച്ചിരുന്നതായും അറിയിക്കുന്നു. കെ.എസ്.ആർ റൂൾ 33 Government Decision നമ്പർ 2 പ്രകാരം താൽക്കാലിക സർവ്വീസിന് തുടർച്ചയായി റഗുലർ സർവ്വീസിൽ വരുന്ന ജീവനക്കാരെ സംബന്ധിച്ച് അവരുടെ താൽക്കാലിക സേവനകാലം ഇൻക്രിമെന്റിന് കണക്കാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 01.01.1994-ലെ 540/94 ഫിൻ നമ്പർ ഉത്തരവ് പ്രകാരം 30.09.1994-നോ അതിനു മുമ്പോ ഉള്ള താൽക്കാലിക സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീ. ഗോപകുമാർ കെ.യുടെ ആരോഗ്യ വകുപ്പിലെ താൽക്കാലിക സർവ്വീസ് 1994-ന് ശേഷമുള്ളതായതിനാൽ (07.12.1995 മുതൽ 16.10.2002 വരെ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കുവാൻ കഴിയില്ലെന്ന വിവരം നഗരകാര്യ ഡയറക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08.08.2008 ലെ സർക്കുലർ നം.46/2008/ ധന യിലെ ഖണ്ഡിക 13 പ്രകാരം 01.10.1994-ന് ശേഷം റഗുലർ നിയമനം ലഭിക്കുമ്പോഴും, താൽക്കാലിക സേവന കാലയളവ് 01.10.1994 ന് ശേഷം റഗുലറൈസ് ചെയ്യപ്പെടുമ്പോഴും 01.10.1994-ന് മുമ്പുള്ള താൽക്കാലിക സർവ്വീസ് കണക്കാക്കി സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുവാൻ കഴിയുകയില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ശ്രീ.ഗോപകുമാറിന്റെ ആരോഗ്യവകുപ്പിലെ താൽക്കാലിക സേവനകാലയളവ് 01.10.1994 ന് ശേഷമുള്ളതാകയാൽ ആയത് കണക്കാക്കി മുനിസിപ്പൽ കോമൺ സർവ്വീസിലെ റഗുലർ തസ്തികയിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുവാൻ കഴിയുകയില്ല. കൂടാതെ 30.09.1994 തീയതിയിലെ സ.ഉ.(പി)നം.540/94/ധന അനുസരിച്ച് 01.10.1994 തീയതി പ്രാബല്യത്തിൽ കെ എസ് ആർ ഭാഗം I സർക്കാർ തീരുമാനം നമ്പർ 2 റദ്ദ് ചെയ്ത് ഉത്തരവായിരുന്നു. അതിൻപ്രകാരം. 01.10.1994 തീയതിയിലോ, അതിന് ശേഷമോ സ്ഥിരനിയമനം ലഭിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് അവരുടെ താൽക്കാലിക സർവീസ് കണക്കാക്കിയുള്ള ഇൻക്രിമെന്റിന് അർഹതയുണ്ടായിരിക്കുകയില്ല എന്ന് ഉത്തരവായിരുന്നു. അപ്രകാരം ഇൻക്രിമെന്റിന് കണക്കാക്കാത്ത താൽക്കാലിക സർവീസ് പെൻഷന് പരിഗണിക്കുവാൻ കഴിയില്ല. 25.11.1999 തീയതിയിലെ സ.ഉ.(അച്ചടി)നം. 2357/99/ ധന പ്രകാരം, 01.10.1994 ന് ശേഷമുള്ള താൽക്കാലിക സേവനം പെൻഷന് കണക്കാക്കുന്നതല്ല എന്നും ഉത്തരവായിട്ടുണ്ട്. ആയതിനാൽ, ശ്രീ. ഗോപകുമാറിന്റെ ആരോഗ്യവകുപ്പിലെ 07.12.1995 മുതൽ 16.10.2002 വരെയുള്ള താൽക്കാലിക സേവനകാലയളവ്

01.10.1994 ന് ശേഷമുള്ളതാകയാൽ, ആയത് കണക്കാക്കി മുനിസിപ്പൽ കോമൺ സർവ്വീസിലെ റഗുലർ തസ്തികയിലെ സേവനകാലത്തേടൊപ്പം പെൻഷൻ അനുവദിക്കുവാൻ കഴിയില്ല.

5. മേൽ സാഹചര്യത്തിൽ ശ്രീ. കെ. ഗോപകുമാർ 07.12.1995 മുതൽ 16.10.2002 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആരോഗ്യ വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവ് മുനിസിപ്പൽ കോമൺ സർവ്വീസിലെ റഗുലർ തസ്തികയിലെ സേവനകാലത്തോടൊപ്പം പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്ന ആവശ്യം നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.04.2019 ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ. കെ. ഗോപകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , തൊടുപുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ